# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5195. 02.07.2013 ൽ മറുപടിയ്ക്ക്.

<u>വിദ്യാർത്ഥികളെ ബസ്സിൽ കയറ്റാതെ തടഞ്ഞുനിർത്തുന്ന നടപടി</u>

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) സ്വതന്ത്രമായി യാത്ര ചെയ്യാനുള്ള പൗരന്റെ അവകാശത്തെ തടസ്സപ്പെടുത്തുംവിധത്തിൽ കോഴിക്കോട് സ്വകാര്യ ബസ്സ് സ്റ്റാന്റിൽ, ബസ്സുകളുടെ മുൻ-പിൻ വാതിലുകളിൽ നിന്നു-കൊണ്ട് ബസ്സ് കണ്ടക്ടർമാരും, ക്ലീനർമാരും വിദ്യാർത്ഥികൾ ബസ്സിൽ കയറുന്നത് തടയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത ബസ്സ്റ്റാന്റിൽ, വിദ്യാർത്ഥികളെ ബസ്സിൽ കയറാതെ തടഞ്ഞു നിർത്തുകയും, സ്റ്റാർട്ട് ചെയ്ത് ബസ്സ് ട്രാക്ക് വിടുന്ന സമയത്ത് നാലോ അഞ്ചോ വിദ്യാർത്ഥികളെ മാത്രം കയറ്റുകയും ചെയ്യുന്ന രീതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) ഉണ്ടെങ്കിൽ ഇത് അവസാനിപ്പി-ക്കാനും സ്വതന്ത്രമായ യാത്ര ഉറപ്പാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | 20/06/2013 തീയതിയിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബസ്സ് ഉടമകളും പോലീസും, വിദ്യാർത്ഥി പ്രതിനിധികളും മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങിയ സ്റ്റുഡന്റ്സ് ട്രാവൽസ് ഫെസിലിറ്റി കമ്മിറ്റി യോഗം ചേർന്ന് വിദ്യാർത്ഥികളെ ചോദ്യം ചെയ്ത് കയറ്റുന്ന നടപടി അവസാനിപ്പിക്കാൻ ബസ്സ് ഉടമകൾക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. പോലീസും മോട്ടോർവാഹന വകുപ്പും ഇത് നിരീക്ഷിക്കുകയും കുറ്റം കാണുന്ന മുറയ്ക്ക് ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരി-ക്കുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ബസ്സിന്റെ പേര്, നമ്പർ, റൂട്ട് എന്നിവ വ്യക്തമാക്കിക്കൊണ്ട് റീജിയണൽ |

| | | |
|---|---|---|
| | | ട്രാൻസ്പോർട്ട് ഓഫീസർമാർക്കോ ഗതാഗത കമ്മീഷണർക്കോ സർക്കാരിലേക്കോ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അധികാരി മുഖേന പരാതികൾ നൽകാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.